# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2799 — 13.03.2020 ൽ മറുപടിയ്ക്ക്

**റാന്നി മണ്ഡലത്തിലെ കൈവശക്കാർക്ക് പട്ടയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)) |

| | | |
|---|---|---|
| (എ) | റാന്നി നിയോജകമണ്ഡലത്തിൽ എത്ര കൈവശക്കാർക്ക് പട്ടയം നൽകാനുണ്ട്; ഇവരുടെ എണ്ണം വില്ലേജ് തിരിച്ച് നൽകാമോ; | റാന്നി നിയോജകമണ്ഡലത്തിൽ പട്ടയം നൽകാനുള്ള കൈവശക്കാരുടെ എണ്ണം 2209 ആണ്. വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>വില്ലേജ് — എണ്ണം<br>1. റാന്നി — 7<br>2. അയിരൂർ — 7<br>3. ചെറുകോൽ — 6<br>4. പെരുനാട് — 16<br>5. അങ്ങാടി — 11<br>6. അത്തിക്കയം — 358<br>7. ചേത്തയ്ക്കൽ — 305<br>8. വടശ്ശേരിക്കര — 83<br>9. പഴവങ്ങാടി — 79<br>10. കൊല്ലമുള — 1337<br>ആകെ — 2209 |
| (ബി) | ഇവർക്ക് പട്ടയം നൽകുന്ന നടപടി ഏത് ഘട്ടം വരെയായി എന്ന് അറിയിക്കാമോ; എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാനാകുമെന്ന് അറിയിക്കുമോ; | കേരള ഭൂമി പതിവ് ചട്ടപ്രകാരം മേൽ കേസുകളിൽ നടപടി സ്വീകരിച്ചു വരുന്നു. പതിവ് കമ്മിറ്റികൾ ചേരുക, അഡീഷണൽ പതിവ് ലിസ്റ്റുകൾ അംഗീകരിക്കുക, ചട്ടപ്രകാരം ആക്ഷേപം ക്ഷണിക്കുന്ന നോട്ടീസ് |

| | | |
|---|---|---|
| | | പ്രസിദ്ധീകരിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കേണ്ടതിനാൽ ഉദ്ദേശം 25 പട്ടയങ്ങൾ മൂന്നു മാസം കൊണ്ട് തയ്യാറാക്കാൻ സാധിക്കുമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഇവരിൽ ആർക്കെങ്കിലും പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്താണ് തടസ്സം; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | റിസർവ് വനവുമായി അതിർത്തി പങ്കിടുന്ന റാന്നി താലൂക്കിൽ വില്ലേജ് റിക്കാർഡ് പ്രകാരം വനത്തിന്റെ സ്റ്റാറ്റസിൽ കിടക്കുന്ന ഭൂമി, ഫുഡ് പ്രൊഡക്ഷൻ ഏരിയ, 01.01.1977 ന് മുൻപുള്ള വനഭൂമി കൈയ്യേറ്റം ട്രൈബൽ സെറ്റിൽമെന്റ് ഏരിയായിലുള്ള മറ്റു വിഭാഗത്തിൽ ഉൾപ്പെട്ടവർ, മിച്ചഭൂമിപട്ടയം അനുവദിച്ച സ്ഥലത്ത് വീണ്ടും പട്ടയം അനുവദിക്കേണ്ടത് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് തടസ്സങ്ങളുണ്ട്. വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ പരിശോധന നടത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**